**File No.SJD/2081/2020-C4**

Break the chain

150 YEARS OF CELEBRATING THE MAHATMA

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി: 21/12/2020
Email-swdkerala@gmail.com
Phone-0471-2306040

## വിജ്ഞാപനം

സംസ്ഥാനത്ത് ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന /ക്രൈസിസില് അകപ്പെടുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഹ്രസ്വകാല താമസത്തിനായി എൻ. ജി. ഒ കൾ മുഖേന കെയർ ഹോം/ഷോർട്ട് സ്റ്റേ ഹോമുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് . ഈ സാഹചര്യത്തിൽ പുനരധിവാസ മേഖലയിൽ കുറഞ്ഞത് മൂന്ന് വർഷത്തെ പ്രവർത്തന പരിചയമുള്ളതും, സമൂഹത്തിൽ വിശ്വാസ്യത തെളിയിച്ചിട്ടുള്ളതുമായ അംഗീകൃത എൻ.ജി. ഒ കളിൽ നിന്നും തിരുവനന്തപുരം ആസ്ഥാനമായി ട്രാൻസ് മെൻ വിഭാഗത്തിനായി കെയർ ഹോം/ഷോർട്ട് സ്റ്റേ ഹോം ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ക്ഷണിക്കുന്നു. നിലവിൽ ഒരേ സമയം 30 പേർക്ക് താമസ സൗകര്യം ലഭ്യമാക്കുവാൻ കഴിയുന്ന കെട്ടിടവും, മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉണ്ടായിരിക്കണം. ഈ സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് കെയർ ഹോം/ഷോർട്ട് സ്റ്റേ ഹോമുകൾ ആരംഭിക്കുന്നതിന് വിശദമായ ധനകാര്യ വിശകലനം സഹിതമുള്ള പ്രൊപ്പോസലുകൾ ബന്ധപ്പെട്ട രേഖകൾ സഹിതം 28.12.2020 ന് വൈകിട്ട് 5 മണിക്ക് മുമ്പായി താഴെ പറയുന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. മുൻ വിജ്ഞാപന പ്രകാരം ഈ ആവശ്യത്തിലേക്ക് പ്രപ്പോസ്സൽ സമർപ്പിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. കൂടുതൽ വിവരങ്ങൾ വകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്.

**ഡയറക്ടർ**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്, 5-ാം നില,**
**വികാസ് ഭവന്, തിരുവനന്തപുരം (Ph. 0471-2306040)**

For സാമൂഹ്യനീതി ഡയറക്ടർ

*K. GEETHA*
*Administrative Officer*
*Directorate of Social Justice*
*Vikas Bhavan*
*Thiruvananthapuram-33*